തിരുവിതാംകൂർ ദേവസ്വം ബോർഡ്

അസി. ദേവസ്വം കമ്മീഷണർ ആഫീസ്, നോർത്ത് പറവൂർ

ROC No. 6/26/A

ലേലപ്പരസ്യം

02/11/2026

തിരുവിതാംകൂർ ദേവസ്വം ബോർഡ് വടക്കൻ പറവൂർ ഗ്രൂപ്പിൽപ്പെട്ട ആലുവ ശ്രീ മഹാദേവർ ദേവസ്വത്തിലെ ബലിത്തറകൾ ഒരുവർഷക്കാലയളവിലേക്ക് (കർക്കടകവാവ് -2 ദിവസം, തുലാവാവ് -2 ദിവസം, ശിവരാത്രി - 3 ദിവസം എന്നീ ദിവസങ്ങൾ ഒഴികെ) ലേലം ചെയ്ത് കൊടുക്കുന്നതിന് താൽപര്യമുള്ള പുരോഹിതരിൽ നിന്ന് നിബന്ധനകൾക്ക് വിധേയമായി അപേക്ഷകൾ ക്ഷണിക്കുന്നു. നിർദ്ദിഷ്ടഫോമിലുള്ള അപേക്ഷകൾ **10/11/2026** ന് 5 മണിക്ക് മുമ്പായി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നോർത്ത് പറവൂർ എന്ന മേൽവിലാസത്തിലോ നേരിട്ട് ദേവസ്വം ഓഫീസിലോ നൽകാവുന്നതാണ്. നിശ്ചിത പരിധികഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

പറവൂർ

ഫോൺ : **8086697956**, 0484-2442472

(ഒപ്പ്)

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ

നോർത്ത് പറവൂർ

NB: 1) അപേക്ഷകൾ സംബന്ധിച്ച നിബന്ധനകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2) അപേക്ഷകൾ ദേവസ്വം ബോർഡ് വെബ്സൈറ്റിൽ (www.travancoredevaswomboard.org) നിന്നോ, ആലുവ ദേവസ്വം ഓഫീസിൽ നിന്നോ ലഭ്യമാണ്.

PHOTO

6 മാസത്തി
നുളളിൽ
എടുത്തത്

സ്വാമി ശരണം

ആലുവ ശ്രീ മഹാദേവർ ദേവസ്വത്തിലെ വാർഷിക ലേലം (2026-2027) കാലയളവിലേക്ക് നിശ്ചിത സ്ഥാനത്ത് ബലിത്തറ കെട്ടി ബലിതർപ്പണം നടത്തുന്നതിന് പുരോഹിത നിയമനത്തിനുളള അപേക്ഷ.

1. അപേക്ഷകന്റെ പേര്	
2. സ്ഥിര മേൽവിലാസം,	
3. അച്ഛന്റെ പേര്	
4. ജനനത്തീയതിയും, വയസ്സും	
5. ജാതി, മതം	
6. വയസ്സ് തെളിയിക്കുന്നതിനായി ചേർത്തിട്ടുളള സർട്ടിഫിക്കറ്റ്.	
7. ജാതി തെളിയിക്കുന്നതിനായി ചേർത്തിട്ടുളള സർട്ടിഫിക്കറ്റ്.	
8. മുൻപരിചയം തെളിയിക്കുന്നതിനായി ചേർത്തിട്ടുളള സർട്ടിഫിക്കറ്റ്.	
9. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനായി ചേർത്തിട്ടുളള സർട്ടിഫിക്കറ്റ്.	
10. അപേക്ഷകൻ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ? ഏതെങ്കിലും കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ?	
11. മൊബൈൽ നമ്പർ	

സ്ഥലം :

തീയതി :

അപേക്ഷകന്റെ ഒപ്പ്

തിരുവിതാംകൂർദേവസ്വംബോർഡ്

മെയിൽഐ.ഡിtdbdydcvaikom@gmail.comഫോൺ നം-04829 231318

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറാഫീസ്
വൈക്കം.

തിരുവിതാംകൂർ ദേവസ്വം ബോർഡ് വടക്കൻ പറവൂർ ഗ്രൂപ്പിൽപ്പെട്ട ആലുവ ശ്രീ മഹാദേവർ ദേവസ്വത്തിലെ ബലിത്തറകൾ ഒരുവർഷക്കാലയളവിലേയ്ക്ക് (കർക്കടകവാവ് - 2 ദിവസം, തുലാവാവ് - 2 ദിവസം, ശിവരാത്രി - 3 ദിവസം എന്നീ ദിവസങ്ങൾ ഒഴികെ) ബലിത്തറകൾ കെട്ടി ബലിതർപ്പണം നടത്തിക്കൊടുക്കുന്നതിന് താൽപര്യമുള്ള പുരോഹിതരിൽ നിന്ന് ചുവടെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയ മായി അപേക്ഷകൾ ക്ഷണിക്കുന്നു.

നിബന്ധനകൾ

1. അപേക്ഷകൻ 18 വയസ്സ് പൂർത്തിയായിരിക്കേണ്ടതാണ്. ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
2. അപേക്ഷകൻ ക്രിമിനൽ കേസിൽ പ്രതി ചേർത്തിട്ടുള്ള ആളായിരിക്കാൻ പാടുള്ളതല്ല. ആയത് തെളിയിക്കുന്നതിലേയ്ക്കായി അതാത് പോലീസ് സ്റ്റേഷൻ ഹൗസ് ആഫീസറിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. (അപേക്ഷകന്റെ താമസസ്ഥലത്ത് അധികാരപരിധിയിൽ വരുന്നത്).
3. അപേക്ഷകൻ സമൂഹത്തിൽ നല്ല പുരോഹിതൻ എന്ന നിലയിൽ അംഗീകാരം ഉള്ള വ്യക്തി ആയിരിക്കേണ്ടതും, സ്വഭാവദുഷ്യം ഉള്ള വ്യക്തി ആയിരിക്കാൻ പാടില്ലാത്തതുമാണ്.
4. അപേക്ഷകൻ പുരോഹിതവൃത്തിയിൽ പ്രാവീണ്യം ഉണ്ട് എന്ന ബൊധ്യപ്പെടു ത്തുന്നതിലേയ്ക്കായി തന്ത്രി സമാജം/തന്ത്രിയിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
5. അപേക്ഷകരെ മുൻകൂട്ടി നിശ്ചയിക്കുന്ന തീയതിയിൽ ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന സ്ഥലത്ത് വച്ച് ദേവസ്വം കമ്മീഷണർ നിർദ്ദേശിച്ചിട്ടുള്ള പാനൽ ഇന്റർവ്യൂ നടത്തുന്നതാണ്. ആയതിന്റേയും പുരോഹിതർ സമർപ്പിക്കുന്ന ഓഫറി ന്റേയും അടിസ്ഥാനത്തിൽ അർഹമായ ബലിത്തറകൾ ക്രമപ്രകാരം അനുവദിക്കു ന്നതാണ്.
6. യോഗ്യരായ അപേക്ഷകരെ മുറപ്രകാരം തെരഞ്ഞെടുക്കുന്നതും ആയവർക്ക് നിശ്ചിത ബലിത്തറ മുൻ സൂചിപ്പിച്ച പ്രകാരം ഒരുവർഷ കാലയളവിൽ പ്രവർത്തി പ്പിക്കുന്നതിനുള്ള അവകാശം അനുവദിക്കുന്നതുമാണ്.
7. ഒരു അപേക്ഷകൻ ഒരു ഓഫറിൽ കൂടുതൽ സമർപ്പിക്കുവാൻ പാടില്ലാത്തതാണ്. അപ്രകാരമുള്ള ഓഫറുകൾ നിരാകരിക്കുന്നതിനും സ്വീകരിക്കുന്നതിനുമുള്ള അവകാശം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.
8. കർക്കിടകവാവ് - 2 ദിവസം, തുലാവാവ് - 2 ദിവസം, ശിരാത്രി -3 ദിവസം, എന്നീ ദിവസങ്ങൾ ഒഴികെയുള്ള കാലയളവിലേയ്ക്ക് ബലിത്തറ പ്രവർത്തിപ്പി ക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ അറിയിപ്പ് ലഭിച്ച് കൃത്യം 5 ദിവ സത്തിനകം അടിസ്ഥാന ലേലത്തുക 70,000/- രൂപ ഒന്നാകെയും ആയതിന്

മുകളിലുള്ള ലേലത്തുക ഈ ആഫീസിൽ ഹാജരാക്കി ഒടുക്ക് വരുത്തേണ്ട താണ്.

9. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതൻ ടി പ്രവർത്തികൾ അല്ലാതെ മറ്റ് യാതൊരു പ്രവർത്തിയും ആലുവ ശ്രീമഹാദേവർ ദേവസ്വം ഭാഗത്ത് വച്ച് ഏർപ്പെടുവാൻ പാടില്ലാത്തതാണ്.
10. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ നിർബ ന്ധമായും ഡിപ്പാർട്ടുമെന്റ് നൽകുന്ന തിരിച്ചറിയൽ കാർഡ് ധരിക്കേണ്ടതാണ്.
11. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർ ട്ടുമെന്റ് അറിവോ സമ്മതമോ ഇല്ലാതെ ടി തറ മറ്റാർക്കും നൽകുവാൻ പാടില്ലാ ത്തതാണ്.
12. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ യാതൊ രുകാരണവശാലും പുകയില ഉൽപ്പന്നങ്ങളും ലഹരി വസ്തുക്കളും ടി ഭാഗത്തു വച്ച് ഉപയോഗിക്കുവാൻ പാടില്ലാത്തതും, നിയമം അനുവദിക്കാത്ത യാതൊരു പ്രവർത്തിയും ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു.
13. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ യാതൊരു തരത്തിലും ഭക്തജനങ്ങളെ ചൂഷണം ചെയ്യുവാൻ പാടില്ലാത്തതാണ്.
14. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർ ട്ടുമെന്റ് അളന്ന് നൽകുന്ന അളവിനപ്പുറം സ്ഥലത്ത് ബലിത്തറ കെട്ടുവാൻ പാടില്ലാത്തതാണ്. അപ്രകാരം ബോധ്യപ്പെട്ടാൽ ആയത് മുൻ അറിയിപ്പ് കൂടാതെ തന്നെ പൊളിച്ച് നീക്കുന്നതാണ്.
15. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർ ട്ടുമെന്റ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.
16. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർ ട്ടുമെന്റ് ബലിതർപ്പണം നടത്തി കൊടുക്കുന്നുന്നതിനായി നിശ്ചയിച്ചിട്ടുള്ള തുകയിൽ കൂടുതൽ ഭക്തരിൽ നിന്നും ഈടാക്കുവാൻ പാടില്ലാത്തതാണ്.
17. അപേക്ഷകൾ 08-11-2026 ന് മുൻപായി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നോർത്ത് പറവൂർ എന്ന മേൽവിലാ സത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത പരിധികഴിഞ്ഞ് ലഭിക്കുന്ന അപേക്ഷ കൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
18. ഒരോ ബലിത്തറകൾക്കും രേഖപ്പെടുത്തേണ്ട മിനിമം നിശ്ചയിച്ചിട്ടുള്ള തുക 70,000/- (എഴുപതിനായിരം) രൂപ ആയതോ ആയതിൽ കൂടിയ നിരക്കോ അതാത് ബലിത്തറകൾക്ക് രേഖപ്പെടുത്തുന്നതിന് പുരോഹിതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
19. മേൽ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുന്ന അപേക്ഷകളിന്മേലുള്ള അന്തിമ തീരുമാനം ദേവസ്വം കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും.

Indulekha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
വൈക്കം.